പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4259. 25.06.2018 ന് മറുപടിയ്ക്ക്.

**കോങ്ങാട് നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ**

*ചോദ്യം*

ശ്രീ.കെ.വി.വിജയദാസ് :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) ഈ സാമ്പത്തിക വർഷം പുതിയതായി ഐ.ടി.ഐകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | | (എ) ഈ സാമ്പത്തിക വർഷത്തെ (2018-19) ബഡ്ജറ്റിൽ പന്ന്യന്നൂർ (കണ്ണൂർ), പീലിക്കോട് (കാസർഗോഡ്), കുറ്റിക്കോൽ (കാസർഗോഡ്), വെള്ളമുണ്ട (വയനാട്), അങ്കമാലി (എറണാകുളം), മയ്യനാട് (കൊല്ലം), വർക്കല (തിരുവനന്തപുരം) എന്നീ സ്ഥലങ്ങളിൽ പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.<br>കണ്ണൂർ ജില്ലയിലെ പന്ന്യന്നൂരും തിരുവനന്തപുരം ജില്ലയിലെ വർക്കലയിലും ഐ.ടി.ഐ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഐ.ടി.ഐ-കളെ കാലോചിതമായി പരിഷ്കരിച്ച് ആധുനിക രീതിയിലുള്ള കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | (ബി) ഐ.ടി.ഐ. കളിൽ നിലവിലുള്ള കോഴ്സുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലാണ് (CTS) നടത്തപ്പെടുന്നത്. ഈ സ്കീമിന് കീഴിലുള്ള കോഴ്സുകളും ആയതിന്റെ സിലബസുകളും തയ്യാറാക്കുന്നതും, കാലോചിതമായി പരിഷ്കരിക്കുന്നതും ന്യൂഡൽഹിയിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്. കോഴ്സുകൾ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് പരിഷ്കരിക്കുന്നത് അനുസരിച്ച് സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ കോഴ്സുകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.<br>കൂടാതെ കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത കുറഞ്ഞതുമായ കോഴ്സുകൾ നിർത്തലാക്കി പകരം നൂതനവും, തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ ആരംഭിക്കുന്നതിന് കാലാകാലങ്ങളിൽ നടപടി സ്വീകരിക്കുന്നുണ്ട്. |
| (സി) കോങ്ങാട് നിയോജകമണ്ഡലത്തിൽ ഒരു ഐ.ടി.ഐ ആരംഭിക്കുന്നതിന് നൽകിയിട്ടുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദവിവരം നൽകുമോ? | | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ